
മലങ്കര സുറിയാനി കത്തോലിക്കാസഭ
തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 25 | 2020 ഫെബ്രുവരി | ലക്കം 2





അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ
പൂനെ - കട്കി ഭദ്രാസനത്തിന്റെ അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ്
തിരുമേനിയുടെ സ്ഥാനാരോഹണ - സുന്ത്രോണീസോ ശുശ്രൂഷ
(പൂനെ, 14 - 01 - 2020)

## മലങ്കര സുറിയാനി കത്തോലിക്കാസഭ

### തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 25 | 2020 ഫെബ്രുവരി | ലക്കം 2

തിരുവനന്തപുരം മേജർ അതിഭദ്രാസന
ബുള്ളറ്റിൻ

# THE SYRO- MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot No CCL 1/2020 20.01.2020

## സർക്കുലർ

## കാതോലിക്കാദിനം-2020

**അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!**

പുനരൈക്യ വാർഷികത്തിന്റെ നവതിയുടെ ഈ കാലയളവിൽ, മലങ്കര സുറിയാനി കത്തോലിക്കാ സഭ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തപ്പെട്ടതിന്റെ 15-ാം വാർഷികം 2020 ഫെബ്രുവരി 2-ാം തീയതി ഞായറാഴ്ച നമ്മുടെ സഭയിൽ കാതോലിക്കാദിനമായി ആചരിക്കുകയാണ്. ദൈവസ്നേഹത്തിന്റെ വിസ്മയ വഴികളെ സഭയായി ഓർക്കാനും നന്ദിപറയാനും ഈ ദിവസം നമുക്ക് പ്രത്യേകം പ്രയോജനപ്പെടുത്താം. കാതോലിക്കാദിനത്തിൽ വി. കുർബാനയ്ക്കുശേഷം നമ്മുടെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും മിഷൻകേന്ദ്രങ്ങളിലും കാതോലിക്കാ പതാക ഉയർത്തുകയും കാതോലിക്കാദിന പ്രതിജ്ഞ ചൊല്ലുകയും ചെയ്യണം. ഈ ദിവസത്തിന്റെ എല്ലാ അനുഗ്രഹങ്ങളും സഭാമക്കൾക്കേവർക്കും ഞാൻ നേരുകയാണ്.

പുനരൈക്യാനന്തരം നീണ്ട 75 വർഷങ്ങൾക്കുശേഷമാണ് മലങ്കര സുറിയാനി കത്തോലിക്കാസഭ ഒരു സ്വയാധികാര സ്വയംഭരണാവകാശ സഭയായി ആഗോള കത്തോലിക്കാസഭയിൽ ഉയർത്തപ്പെട്ടത്. 1930-ലെ പുനരൈക്യവേളയിൽതന്നെ അപ്രകാരമായിത്തീരാൻ ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനി ആഗ്രഹിച്ചിരുന്നുവെങ്കിലും ദൈവനിയോഗത്തിന്റെ സാക്ഷാത്കാരത്തിനായി ആ പിതാവ് കാത്തിരുന്നു. ഇന്ന് 12 രൂപതക

ളായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ തദ്ദേശീയ മിഷൻ ഇട വകകൾ സ്ഥാപിച്ചുകൊണ്ട് പ്രേഷിതപ്രവർത്തനങ്ങളുടെ പുതിയ വാതിലുകൾ തുറന്ന് ആഗോള കത്തോലിക്കാസഭയിൽ പുതു പ്രേഷിതചൈതന്യം കൊടുക്കാൻ നമ്മുടെ സഭയ്ക്ക് സാധിക്കുന്നു എന്നത് ഏറെ അഭിമാനത്തോടെ പ്രാർത്ഥനയോടെ നോക്കികാണുകയാണ്. സത്യത്തോട് ധർമ്മയുദ്ധം ചെയ്ത ആ യോഗീവര്യന്റെ പ്രയത്നങ്ങൾക്ക് ഉചിതമായ ഉത്തരം കാലത്തിന്റെ പൂർണതയിൽ ദൈവം ഒരുക്കിതന്നു. അതിന്റെ ഉത്തമ നിദർശനങ്ങളാണ് ഇന്ന് കാണുന്ന നന്മകളും ഉയർച്ചകളും. താഴ്ചകളിൽ ദൈവാഭയം പ്രാപിച്ചവന് ഉയർച്ചകൾ നൽകി ദൈവം തന്റെ സ്നേഹം പ്രകടമാക്കി. അതിനായി അത്യധ്വാനം ചെയ്ത വന്ദ്യപിതാക്കന്മാരെയും, വൈദികരെയും, സന്യാസീസന്യാസിനികളെയും, അല്മായരെയും നന്ദിയോടെ ഓർക്കുന്നു. ഇപ്പോൾ ഈ ചുമതലകൾ ഏറ്റെടുത്ത് നിർവഹിക്കുന്ന ഏവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

## സെന്റ് എഫ്രേം കഡ്കി ഭദ്രാസനസ്ഥാപനവും തോമസ് മാർ അന്തോണിയോസ് തിരുമേനിയുടെ നിയമനവും

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 12-ാമത്തെ ഭദ്രാസനമായി പൂനെ-കഡ്കി സെന്റ് എഫ്രേം ഭദ്രാസനത്തെ നമ്മുടെ അപേക്ഷയിൻപ്രകാരം പരിശുദ്ധ സിംഹാസനം ഉയർത്തുകയും ഭദ്രാസനത്തിന്റെ പ്രഥമ ഇടയനായി അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവിനെ നിയോഗിക്കുകയും ചെയ്ത കാര്യം നിങ്ങളേവരെയും ഞാനറിയിക്കുന്നു. മഹാരാഷ്ട്ര, ഗോവ, ആന്ധ്രാപ്രദേശ്, തെലുങ്കാന, പോണ്ടിച്ചേരി, തുടങ്ങിയ സംസ്ഥാനങ്ങളും തമിഴ്നാടിന്റെയും കർണാടകയുടെയും ഏതാനും ഭാഗങ്ങളും പുതിയ രൂപതയുടെ അജപാലനപരിധിയിൽ ഉൾപ്പെടുന്നു. 2015 മാർച്ച് 26-ാം തീയതിയാണ് കട്കി സെന്റ് എഫ്രേം എക്സാർക്കേറ്റ് രൂപീകൃതമായത്. 32 ഇടവകസമൂഹങ്ങളും 9 മിഷൻ സെന്ററുകളും പുതിയ രൂപതയ്ക്കുണ്ട്. 35 വൈദികരും, 47 സിസ്റ്റേഴ്സും അസംഖ്യം അല്മായരും പുതിയ രൂപതയുടെ പ്രേഷിത ശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കുന്നു. രൂപതാ വൈദികരോടൊപ്പം, ബഥനി സന്യാസ-സന്യാസിനീ സമൂഹവും, മേരീമക്കൾ, ഹോളിസ്പിരിറ്റ് സന്യാസിനിസമൂഹങ്ങളും സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു. വിദ്യാഭ്യാസ-സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ പ്രശംസനീയമാംവിധം നിർവഹിക്കുന്നു.

ഭാഗ്യസ്മരണാർഹരായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെയും, സിറിൾ ബസേലിയോസ് കാതോലിക്കാബാവായുടെയും ദീർഘവീക്ഷണം ഈ രൂപതയുടെ വളർച്ചയ്ക്ക് താങ്ങും തണലുമായിരുന്നു. വന്ദ്യ ജോൺ ബർക്കുമെൻസച്ചന്റെ ത്യാഗോജ്ജ്വലമായ നേതൃത്വം ബാഹ്യകേരള മിഷനുകളുടെ വളർച്ചയ്ക്ക് മറക്കാനാവാത്തതാണ്. ബഥനി സന്യാസ സമൂഹത്തിന്റെ പ്രവർത്തനങ്ങളെയും ഈ അവസരത്തിൽ ഏറെ നന്ദിയോടെ ഓർക്കുന്നു. Extra Territorial Region (ETRI) എന്ന വിധത്തിൽ ഇപ്പോഴത്തെ പൂനെ, ഗുഡ്ഗാവ് ഭദ്രാസനങ്ങളിലെ പ്രേഷിതപ്രവർത്തനങ്ങൾക്ക് അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവ് അപ്പസ്തോലിക് വിസിറ്റേറ്റർ എന്ന ചുമതലയിൽ നൽകിയ വിലപ്പെട്ട ശുശ്രൂഷകളെ ഞാൻ നന്ദിയോടെ ഓർക്കുന്നു. ഇപ്പോഴത്തെ സെന്റ് എഫ്രേം ഭദ്രാസന പരിധിയിലെ ഇടവകകൾക്കും മിഷൻകേന്ദ്രങ്ങൾക്കും വന്ദ്യ പിതാവ് അക്കാലത്ത് നൽകിയ വലിയ നേതൃത്വത്തെ സഭ വിലമതിക്കുന്നു. അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവിന്റെ സഭാസ്നേഹവും, ദൈവജനത്തോടുള്ള പ്രതിബദ്ധതയും കാര്യപ്രാപ്തിയും ഈ രൂപതയുടെ നാനാവിധമായ വളർച്ചക്ക് പുതുവെളിച്ചം പകരും. അഭിവന്ദ്യ പിതാവിനും രൂപതയ്ക്കും എല്ലാ ഭാവുകങ്ങളും നേരുന്നു. അഭിവന്ദ്യ ഡോ. തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലിത്താ സെന്റ് എഫ്രേം പൂനെ-കട്കി രൂപതാ മെത്രാൻ എന്നതാണ് അഭിവന്ദ്യ തിരുമേനിയുടെ ഔദ്യോഗിക സ്ഥാനം എന്നത് ഏവരേയും അറിയിക്കുന്നു.

പുനരൈക്യത്തിന്റെ ശതാബ്ദി ആഘോഷങ്ങൾ 2030-ൽ ആഘോഷിക്കുമ്പോൾ അതിനോടൊപ്പം മലങ്കര കത്തോലിക്കാ കാതോലിക്കാ സിംഹാസന സ്ഥാപനത്തിന്റെ രജതജൂബിലിയും നാം ആഘോഷിക്കുകയാണ്. പുനരൈക്യത്തിന്റെ നവതിയിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. ഇനിയുള്ള 10 വർഷക്കാലം കൂടുതൽ പ്രാർത്ഥനാപൂർവം ഒരുങ്ങേണ്ട ഒരു കാലയളവാണ്. എല്ലാ തലങ്ങളിലും ഒരു പുത്തനുണർവും ആവേശവും പകരാൻ നമുക്ക് സാധിക്കണം. ശതാബ്ദി ആഘോഷത്തിന്റെ വിശദാംശങ്ങൾ നിങ്ങളെ താമസംവിനാ അറിയിക്കുന്നതാണ്.

2019 സെപ്തംബർ 22 മുതൽ 28 വരെ നടത്തപ്പെട്ട നമ്മുടെ സഭയുടെ ആദ്-ലിമിന സന്ദർശനം ഏറെ അനുഗ്രഹപ്രദമായിരുന്നു.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയോട് ചേർന്ന് വി. കുർബാനയിലും പ്രാർത്ഥനയിലും കൂടികാഴ്ചയിലും വളരെയധികം സമയം ചെലവഴിക്കാൻ സാധിച്ചു. നമ്മുടെ സഭയെക്കുറിച്ച് പരി. പിതാവിന്റെ ആഗ്രഹങ്ങളും അഭിലാഷങ്ങളും പ്രത്യേകം പങ്കുവച്ചു. സഭയുടെ മിഷൻ പ്രവർത്തനങ്ങളെ പ്രത്യേകം പരാമർശിക്കുകയും പ്രശംസിക്കുകയും ചെയ്തു. തുടർന്ന് റോമൻ കൂരിയായിലെ വിവിധ ഓഫീസുകൾ സന്ദർശിച്ച് കൂടികാഴ്ചകൾ നടത്തി. നമ്മുടെ സഭയുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും പരിശുദ്ധ സിംഹാസനം വാഗ്ദാനംചെയ്തു.

നമ്മുടെ സഭയുടെ ദ്വിതീയ അസംബ്ലി 'കൃപ നിറയുന്ന കുടുംബങ്ങൾ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി 2019 ഒക്ടോബർ 8 മുതൽ 10 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയായിൽ സംഘടിപ്പിച്ചു. എല്ലാ രൂപതകളിൽനിന്നും വിവിധ റീജനുകളിൽനിന്നും സന്യാസ സമൂഹങ്ങളിൽനിന്നും പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ പ്രസ്തുത അസംബ്ലിയിൽ സംബന്ധിച്ചു. കാലഘട്ടത്തിനനുസൃതമായി കുടുംബങ്ങളെപ്പറ്റി ചിന്തിക്കുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും അസംബ്ലി സഹായകമായി.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ നൈയാമികവും, അജപാലനപരവും, ആദ്ധ്യാത്മീകവുമായ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുകയും, ഏകോപിപ്പിക്കുകയും, പ്രബലപ്പെടുത്തുകയും ചെയ്യുന്ന ശുശ്രൂഷാകേന്ദ്രമാണല്ലോ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയ. കാതോലിക്കാദിനത്തിലെ സ്തോത്രക്കാഴ്ച പ്രസ്തുത നിയോഗത്തിനായി നീക്കിവയ്ക്കുന്നതാണ്. ഈ കാര്യാലയത്തിന്റെയും ശുശ്രൂഷകളുടെയും സഭാസംബന്ധമായ പൊതുകാര്യങ്ങളിലേക്ക് പ്രസ്തുത തുക ഉപയോഗിക്കുന്നതായിരിക്കും. ആയതിനാൽ സംഭാവനകൾ ഉദാരമായി നൽകുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇടവകജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും മുൻകൂട്ടി ഈ വിവരം അവരെ അറിയിക്കുകയും വേണം. നമ്മുടെ എല്ലാ സ്ഥാപനങ്ങളും സന്യാസ-സന്യാസിനി സമൂഹങ്ങളും ഈ ഉദ്യമത്തിൽ പങ്കാളികളാകണം. ഓരോ ഭദ്രാസനത്തിനും നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഭദ്രാസന വിഹിതം അതാത് ഭദ്രാസനാദ്ധ്യ

ക്ഷന്മാർ 2020 മാർച്ച് 2 മുതൽ 6 വരെ നടക്കുന്ന 24-ാമത് സാധാരണ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് വേളയിൽ സമർപ്പിക്കുകയും സ്ഥാപനങ്ങളിൽനിന്നും സന്യാസാശ്രമങ്ങളിൽനിന്നും വ്യക്തികളായി സംഭാവനകൾ നൽകാൻ ആഗ്രഹിക്കുന്നവരും സുന്നഹദോസിനുമുമ്പ് കാതോലിക്കേറ്റ് സെന്ററിലെ ഫിനാൻസ് ഓഫീസിൽ ഏല്പിക്കേണ്ടതുമാണ്. മുൻവർഷങ്ങളിൽ ഔദാര്യപൂർവം പങ്കാളികളായ ഏവരേയും നന്ദിയോടെ ഓർക്കുന്നു.

ദൈവം തന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങൾ ഓരോരുത്തരുടെമേലും നമ്മുടെ സഭയുടെമേലും വർഷിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+Baselios Cleemis

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവാ.

---

N.B.: ഈ സർക്കുലർ 2020 ഫെബ്രുവരി 2-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

# സഭാ വാർത്തകൾ

## കാതോലിക്കാദിനം

മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സ്വയം ഭരണാധികാരമുള്ള മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തുകയും സഭാധ്യക്ഷൻ, പൗരസ്ത്യ സഭാ പാരമ്പര്യമനുസരിച്ചുള്ള മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവയായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തതിന്റെ 15-ാം വാർഷികം കാതോലിക്കാദിനമായി 2020 ഫെബ്രുവരി 2-ാം തീയതി ഞായറാഴ്ച സഭയൊന്നാകെ ആചരിക്കുന്നു. അന്നേദിവസം എല്ലാ ദൈവാലയങ്ങളിലും വി. കുർബാനയ്ക്കുശേഷം കാതോലിക്കാ പതാക ഉയർത്തുകയും കാതോലിക്കാദിന പ്രതിജ്ഞ ചൊല്ലുകയും വേണം. വി. കുർബാനയുടെ സ്തോത്രകാഴ്ചയും മറ്റ് സംഭാവനകളും മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ സംരക്ഷണത്തിനായി ഉപയോഗിക്കുന്നതാണ്.

## സ്ഥാനാരോഹണം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കട്കി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം 2020 ജനുവരി 14-ന് കട്കി സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ടു. സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനി മുഖ്യകാർമ്മികത്വം വഹിച്ച സ്ഥാനാരോഹണ ശുശ്രൂഷയിൽ അഭിവന്ദ്യരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, തോമസ് മാർ യൗസേബിയോസ്, യൂഹാനോൻ മാർ തെയഡോഷ്യസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, ഗാന്ധിനഗർ ആർച്ചുബിഷപ്പ് അഭിവന്ദ്യ തോമസ് മക്‌വാൻ, മാർത്തോമ്മാ സുറിയാനി സഭയുടെ ബോംബെ ഭദ്രാസനാധിപൻ ഗീവർഗീസ് മാർ തെയഡോഷ്യസ് എന്നീ തിരുമേനിമാർ സംബന്ധിച്ചു. വിവിധ സന്യാസസമൂഹങ്ങളുടെ ജനറാൾമാർ, പ്രൊവിൻഷ്യൽസ്, ബഹു. വൈദികർ, സന്യസ്തർ, പൂനാ ഭദ്രാസന പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, നിരവധി വിശ്വാസികൾ എന്നിവർ സംബന്ധിച്ചു.

# ഓർമ്മപ്പെരുന്നാൾ ആചരിച്ചു

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവായും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ തൃതീയ അദ്ധ്യക്ഷൻ പുണ്യശ്ലോകനായ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ തിരുമേനിയുടെ 13-ാം ഓർമ്മപ്പെരുന്നാൾ 2020 ജനുവരി 18-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ നടന്നു. അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ച് വചന സന്ദേശം നൽകി. അഭിവന്ദ്യരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, വിൻസെന്റ് മാർ പൗലോസ്, തോമസ് മാർ യൗസേബിയോസ്, യൂഹാനോൻ മാർ തെയഡോഷ്യസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം എന്നീ തിരുമേനിമാർ സഹകാർമ്മികരായിരുന്നു. വിവിധ ഭദ്രാസനങ്ങളിലെ വികാരി ജനറൾമാർ, വന്ദ്യ കോറെപ്പിസ്കോപ്പാമാർ, നൂറോളം ബഹു. വൈദികർ എന്നിവർ സഹകാർമ്മികരായി. വി. കുർബാനയ്ക്കുശേഷം കബറിങ്കൽ ധൂപപ്രാർത്ഥനയും നേർച്ച വിളമ്പും നടന്നു.

# പൗരത്വത്തിന് മതം മാനദണ്ഡമാക്കരുത്: ഇന്റർ ചർച്ച് കൗൺസിൽ

ക്രൈസ്തവ സഭാദ്ധ്യക്ഷന്മാരുടെയും പ്രതിനിധികളുടെയും പൊതുവേദിയായ ഇന്റർ ചർച്ച് കൗൺസിലിന്റെ യോഗത്തിന് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ആതിഥ്യമരുളി. 2020 ജനുവരി 17-ന് തിരുസന്നിധിയിൽ വച്ച് നടന്ന യോഗത്തിൽ, ഇന്ത്യയിൽ പൗരത്വം നൽകുന്നതിന് മതപരിഗണനകൾ മാനദണ്ഡമാക്കരുതെന്ന് ആവശ്യപ്പെട്ടു. നൂറ്റാണ്ടുകളായി രാജ്യം പുലർത്തിവരുന്ന മതനിരപേക്ഷ സമീപനങ്ങൾക്കും ഭരണഘടന മൂല്യങ്ങൾക്കും ദോഷം വരുത്തുന്നതൊന്നും സർക്കാർ ചെയ്യരുതെന്നും കൗൺസിൽ ആവശ്യപ്പെട്ടു. വിവിധങ്ങളായ ആനുകാലിക വിഷയങ്ങൾ ചർച്ച ചെയ്ത യോഗം വർഷത്തിലൊരിക്കൽ സഭൈക്യ

ഞായർ ആചരിക്കാൻ തീരുമാനിച്ചു. മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി, അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ, അഭിവന്ദ്യ ആർച്ചുബിഷപ്പ് സൂസൈപാക്യം, അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ, കൽദായ സുറിയാനി സഭയുടെ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ അപ്രേം മെത്രാപ്പോലീത്താ, ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം, അഭിവന്ദ്യരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, തോമസ് മാർ യൗസേബിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, സിൽവസ്റ്റർ പൊന്നുമുത്തൻ, ജോസഫ് മാർ ബർണബാസ്, മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ, തോമസ് തറയിൽ, മാർ ഔഗേൻ കുര്യാക്കോസ്, ബിഷപ്പ് ജോർജ്ജ് ഉമ്മൻ, ബിഷപ്പ് ക്രിസ്തുദാസ് എന്നീ തിരുമേനിമാർ പങ്കെടുത്തു.

## ശ്രീ. ജിത്ത് ജോൺ ഫ്രാൻസിസ്<br>എം.സി.വൈ.എം. സഭാതല പ്രസിഡന്റ്

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 2020-21 വർഷത്തെ എം.സി.വൈ.എം. സഭാതല പ്രസിഡന്റായി തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗമായ ശ്രീ. ജിത്ത് ജോൺ ഫ്രാൻസിസ് തിരഞ്ഞെടുക്കപ്പെട്ടു. തിരുവനന്തപുരം വൈദികജില്ലയിലെ മണ്ണന്തല ഇടവകാംഗമാണ്. എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

# വെരി റവ. ഡോ. തോമസ് കുഴിനാപ്പുറത്തിന്റെ പൗരോഹിത്യ രജതജൂബിലി

തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗം വെരി റവ. ഡോ. തോമസ് കുഴിനാപ്പുറത്തിന്റെ പൗരോഹിത്യ രജതജൂബിലി മാതൃ ഇടവകയായ ചീക്കനാൽ സെന്റ് പീറ്റേഴ്സ് ഇടവകയിൽ വച്ച് 2020 ജനുവരി 29-ന് ആഘോഷിച്ചു. രജതജൂബിലി സ്മാരകമായി നിർമ്മിച്ച ഗ്രോട്ടോയുടെ കൂദാശാകർമ്മം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിർവ്വഹിച്ചു. വി. കുർബാനയ്ക്ക് മുൻപായി അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പ്രാരംഭ സന്ദേശം നൽകി ജൂബിലിയുടെ മംഗളങ്ങൾ നേർന്നു. കൃതജ്ഞതാബലിയർപ്പണത്തെ തുടർന്ന് നടന്ന അനുമോദന സമ്മേളനത്തിൽ ജൂബിലേറിയന് ആശംസകൾ അർപ്പിച്ചുകൊണ്ട് അഭിവന്ദ്യരായ തോമസ് മാർ യൗസേബിയോസ്, സാമുവൽ മാർ ഐറേനിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം എന്നീ തിരുമേനിമാർ സംസാരിച്ചു. മേജർ അതിഭദ്രാസനത്തിന്റെ ജുഡീഷ്യൽ വികാറായും ദീപിക ദിനപത്രത്തിന്റെ തിരുവനന്തപുരം യൂണിറ്റ് റസിഡന്റ് മാനേജരായും സേവനമനുഷ്ഠിക്കുന്ന ജൂബിലേറിയന് മേജർ അതിഭദ്രാസനത്തിന്റെ ആശംസകൾ!

## APPOINTMENTS OF NEW PRIESTS

| | |
|---|---|
| Rev. Fr. Aluvila John | • Major Archbishop's House |
| Rev. Fr. Palavilakizhakkethil John | • Major Archbishop's House |
| Rev. Fr. Thonduparampil Samuel | • Kizhakketheruvu - Asst. Vicar |

# വിശ്വാസപരിശീലന കാര്യാലയം

## എം.സി.സി.എൽ. ദിനം (ഫെബ്രുവരി 9 ഞായർ)

2020 ഫെബ്രുവരി 9-ന് എം. സി. സി.എൽ. ദിനമായി മലങ്കര സുറിയാനി കത്തോലിക്കാ സഭ ആചരിക്കുന്നു. എം.സി.സി.എൽ. യൂണിറ്റ് ഇനിയും ഇല്ലാത്ത ഇടവകകളിൽ എത്രയും വേഗം ആരംഭിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. വിശ്വാസപരിശീലനത്തിൽ സ്വായത്തമാക്കിയ കാര്യങ്ങൾ പ്രായോഗിക തലത്തിൽ എത്തിക്കാനുതകുന്ന പരിപാടികൾ ഓരോ ഇടവക യൂണിറ്റും നടപ്പിലാക്കേണ്ടതാണ്. അതിനുവേണ്ട നിർദ്ദേശവും സഹായവും ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ നിർദ്ദേശാനുസരണം മതാദ്ധ്യാപകർ കുട്ടികൾക്ക് നൽകണം.

## മലങ്കര ബൈബിൾ ഓറിയന്റേഷൻ ക്യാമ്പ് (എം.ബി.ഒ.സി.)

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വിശ്വാസ പരിശീലന കാര്യാലയത്തിന്റെ നേതൃത്വത്തിലുള്ള എം.ബി.ഒ.സി. നടത്തുവാൻ താൽപര്യമുള്ള ഇടവകകൾ അതിഭദ്രാസന സണ്ടേ സ്കൂൾ കാര്യാലയത്തിൽ ബുക്ക് ചെയ്യുന്നതോടൊപ്പം ആവശ്യമായ പുസ്തകങ്ങളുടെ എണ്ണവും (എൽ.കെ.ജി- ക്ലാസ്സ് 3, ക്ലാസ്സ് 4-7, ക്ലാസ്സ് 8-12) ബാഡ്ജുകളുടെ എണ്ണവും എത്രയും വേഗം അറിയിക്കേണ്ടതാണ്. എം. ബി. ഒ. സി. യുടെ തീയതികൾ പിന്നീട് അറിയിക്കുന്നതാണ്.

## രണ്ടാം സെമസ്റ്റർ പരീക്ഷ

2019-2020 അധ്യയന വർഷത്തിലെ രണ്ടാം സെമസ്റ്റർ പരീക്ഷ മാർച്ച് 29-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്കുശേഷം 2 മണി മുതൽ 4 മണി വരെ അതാത് ഇടവകകളിൽ വച്ച് നടത്തപ്പെടുന്നതാണ്.

## സന്മാർഗ്ഗപാഠ പുസ്തകങ്ങൾ 2020

കെ.സി.ബി.സി. തയ്യാറാക്കിയ സന്മാർഗ്ഗപാഠപുസ്തകങ്ങൾ (മലയാളം/ഇംഗ്ലീഷ്) വരുന്ന അധ്യയന വർഷത്തേയ്ക്ക് ആവശ്യമുള്ള സ്കൂളുകൾ എത്രയും വേഗം കാര്യാലയവുമായി ബന്ധപ്പെടേണ്ടതാണ്.

## ഐഡന്റിറ്റി കാർഡ്

ഈ വർഷം ഐഡന്റിറ്റി കാർഡിന് അപേക്ഷിച്ചിട്ടുള്ള എല്ലാ മതാദ്ധ്യാപകരുടേയും ഐഡന്റിറ്റി കാർഡ് അതിഭദ്രാസന വിശ്വാസ പരിശീലനകാര്യാലയത്തിൽ നിന്നും കൈപ്പറ്റാവുന്നതാണ്.

## എം.സി.വൈ.എം

# ഭാരവാഹികൾ

തിരുവനന്തപുരം മേജർ അതിഭദ്രാസന എം.സി.വൈ.എം. 2020–21 വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റായി ജെറിൻ മാത്യു പുതുവീട്ടിലിനെയും ജനറൽ സെക്രട്ടറിയായി ലിജു ബാബു കോട്ടവട്ടത്തെയും തിരഞ്ഞെടുത്തു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് നിയുക്ത ഭരണസമിതി ചുമതലയേറ്റു.

| | | |
|---|---|---|
| ഡയറക്ടർ | : | റവ. ഫാ. വർഗീസ് കിഴക്കേക്കര |
| അസി. ഡയറക്ടർ | : | റവ. ഫാ. അരുൺ ഏറത്ത് |
| ആനിമേറ്റർ | : | റവ. സി. ജെർമെയ്ൻ ഡി.എം. |
| പ്രസിഡന്റ് | : | ശ്രീ. ജെറിൻ മാത്യു പുതുവീട്ടിൽ |
| ജനറൽ സെക്രട്ടറി | : | ശ്രീ. ലിജു ബാബു, കോട്ടവട്ടം |
| ട്രഷറർ | : | ശ്രീ. ജിജു ജസ്റ്റിൻ, കോഴിയോട് |
| വൈസ് പ്രസിഡന്റ് | : | ശ്രീ. നിഖിൽ ജാക്സൺ |
| | | ശ്രീ. ഷാരോൺ കെ. റെജി |
| | | കുമാരി ആതിര എസ്. ലാലു |
| സെക്രട്ടറി | : | ശ്രീ. മോബിൻ മോനച്ചൻ |
| | | ശ്രീ. ബിനു ചെങ്കുളം |
| | | ശ്രീമതി വിനിത റിജോ |
| കെ.സി.വൈ.എം. സെനറ്റ് | : | ശ്രീ. ജോജു ജോൺ |
| | | കുമാരി ജോമോൾ ജോണി |
| സഭാതല സിൻഡിക്കേറ്റ് | : | ശ്രീ. ജിത്ത് ജോൺ ഫ്രാൻസിസ് |
| | | കുമാരി രഞ്ജിത ആർ.ജെ. |

# ഇവാനിയൻ പ്രാർത്ഥന

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിനായി പ്രാർത്ഥിക്കുന്നതിനു വേണ്ടിയും വന്ദ്യപിതാവിന്റെ മാദ്ധ്യസ്ഥം യാചിച്ചുകൊണ്ടും എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന ഭാര

വാഹികൾ ഒരുമിച്ച് മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. പട്ടം തിരുസന്നിധിയിൽ വച്ച് നടത്തിയ പ്രാർത്ഥനാശുശ്രൂഷയ്ക്ക് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നേതൃത്വം നൽകി. മുഖ്യ വികാരി ജനറൽ റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പാ, എം.സി.വൈ.എം. ഡയറക്ടർ റവ. ഫാ. വർഗീസ് കിഴക്കേക്കര, അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. അരുൺ ഏറത്ത്, ആനിമേറ്റർ റവ. സി. ജർമൈൻ ഡി.എം., എം.സി.വൈ.എം. അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## ആശംസകൾ

2020-21 വർഷത്തെ എം.സി.വൈ.എം. സഭാതല പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട തിരുവനന്തപുരം മേജർ അതിഭദ്രാസന മുൻ പ്രസിഡന്റ് ശ്രീ. ജിത്ത്ജോൺ ഫ്രാൻസിസിന് ആശംസകൾ...!

## കർമ്മോത്സവം 2020

മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 59-ാം വാർഷികവും കർമ്മോത്സവവും 2020 ജനുവരി 2-ാം തീയതി രാവിലെ 10.30-ന് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും തിരുവനന്തപുരം മേജർ അതിഭദ്രാസനാദ്ധ്യക്ഷനുമായ മോറാൻ മോർ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവയുടെ നാമഹേതുക തിരുന്നാളോടനുബന്ധിച്ചു സംഘടിപ്പിച്ച പ്രസ്തുത പരിപാടി കേരള സംസ്ഥാന സഹകരണ-ടൂറിസം വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. വട്ടിയൂർക്കാവ് എം.എൽ.എ. ശ്രീ. വി.കെ. പ്രശാന്ത് വജ്രജൂബിലി യുടെ ആരംഭം കുറിച്ച് 60 പദ്ധതികളുടെ ലോഞ്ചിംഗ് നടത്തി. തിരുവനന്തപുരം കോർപ്പറേഷൻ മേയർ ശ്രീ. കെ. ശ്രീകുമാർ, വാർഡ് കൗൺസിലർമാരായ ശ്രീമതി ത്രേസ്യാമ്മ തോമസ്, ശ്രീ. ജോൺസൺ ജോസഫ് എന്നിവർ സംസാരിച്ചു. തിരുവനന്തപുരം മേജർ അതിഭദ്രാസന മുഖ്യ വികാരി ജനറൽ റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോർ എപ്പിസ്കോപ്പ മീറ്റിംഗിന് സ്വാഗതവും, വികാരി ജനറൽ റൈറ്റ് റവ. മോൺ. ഡോ. വർക്കി ആറ്റുപുറത്ത് നന്ദിയും പറഞ്ഞു. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് പരിപാടിയ്ക്ക് നേതൃത്വം നൽകി. ഈ പരിപാടി യിൽ സോഷ്യൽ സർവ്വീസിന്റെ പ്രവർത്തനങ്ങളിൽ വ്യത്യസ്ത പദ്ധതിയിലുള്ള 1200-ൽ അധികം ആളുകൾ പങ്കെടുത്തു.

## നവജീവൻ പദ്ധതി - ഡയറക്ടേഴ്സ് മീറ്റിംഗ്

2020 ജനുവരി 3-ന് കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തി ലുള്ള നവജീവൻ (ദുരന്ത ലഘൂകരണ ബോധവൽക്കരണം) പദ്ധതിയുടെ ഡയറക്ടേഴ്സ് മീറ്റിംഗ് എറണാകുളം Pastoral Orientation Centre-ൽ വച്ചു നടത്തി. മീറ്റിംഗിൽ എം.എസ്സ്.എസ്സ്.എസ്സ്.-ൽ നിന്നും ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് പങ്കെടുത്തു.

## SAFP - F.F.T ( Family Facilitation Team ) മീറ്റിംഗ്

സേവ് എ ഫാമിലി പ്ലാൻ പരിപാടിയുടെ F.F.T മീറ്റിംഗ് 2020 ജനുവരി 10-ന് സ്രോതസ്സിൽ വച്ചു നടത്തപ്പെട്ടു. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് അദ്ധ്യക്ഷത വഹിച്ചു. കോർഡിനേറ്റർ കുമാരി സൗപർണ്ണിക വി. മീറ്റിംഗിന് നേതൃത്വം നൽകി. ആനിമേറ്റേഴ്സ് ശ്രീ. രാജുമോൻ, ശ്രീമതി ജെസ്സി രാജൻ, ശ്രീമതി പുഷ്പം ജോസ്, ശ്രീമതി സിമി എസ്., ശ്രീമതി ഷീല രാജൻ എന്നിവർ മീറ്റിംഗിൽ പങ്കെടുത്ത് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

## Review Meeting - DDU - GKY

2020 ജനുവരി 10-ന് കുമാരപുരം മൈഗ്രേഷൻ സപ്പോർട്ട് സെന്റർ കുടുംബശ്രീയിൽ വച്ചു നടത്തപ്പെട്ട Review Meeting-ൽ എം.എസ്സ്.എസ്സ്.എസ്സ്.-ൽ നിന്നും ശ്രീമതി ജിൻസി എസ്.എസ്. പങ്കെടുത്തു.

## മൊബിലൈസേഷൻ - DDU- GKY - കാരക്കോണം, ബാലരാമപുരം

2020 ജനുവരി 19, 20 എന്നീ തീയതികളിൽ കാരക്കോണം, ബാലരാമപുരം എന്നീ വാർഡിൽ വച്ചു നടത്തപ്പെട്ട DDU - GKY പ്രോജക്ടിന്റെ മൊബിലൈസേഷനിൽ എം.എസ്സ്.എസ്സ്.എസ്സ്.-ൽ നിന്നും ശ്രീ. അജിൻ ജോൺ, ശ്രീ. ജെസ്റ്റിൻ റ്റി.എസ്., ശ്രീ. ജിജേഷ് മോൻ, ശ്രീ. സിജോ എന്നിവർ പങ്കെടുത്തു.

## മൊബിലൈസേഷൻ - DDU - GKY - പാങ്ങോട്

DDU - GKY പ്രോജക്ടിന്റെ മൊബിലൈസേഷൻ 2020 ജനുവരി 18-ന് പാങ്ങോട് ഗ്രാമപഞ്ചായത്ത് കൊച്ചാലുംമൂട് വാർഡിൽ വച്ചു നടത്തപ്പെട്ടു. എം.എസ്സ്.എസ്സ്.എസ്സ്.-നെ പ്രതിനിധീകരിച്ച് ശ്രീ. ബൈജു ആർ. പങ്കെടുത്തു.

## SAFP കുടുംബ സഹായ പദ്ധതി - നെടുമങ്ങാട്, തിരുവനന്തപുരം

SAFP കുടുംബ സഹായ പദ്ധതിയിൽ നിന്നും 2020 ജനുവരി 21-ന് വിവിധ തൊഴിൽ പദ്ധതികൾക്ക് വേണ്ടി നെടുമങ്ങാട്

മേഖലയിലെ 4 കുടുംബങ്ങൾക്ക് 58,000 രൂപയും, തിരുവനന്ത പുരം മേഖലയിലെ 15 കുടുംബങ്ങൾക്ക് 1,79,000 രൂപയും ധന സഹായം നൽകി.

## LIC

എം.എസ്സ്.എസ്സ്.എസ്സ്. ഏജൻസിയുടെ LIC യിൽ നിന്നും ജീവൻ മധുർ പോളിസി എടുത്ത 12 വർഷം കാലാവധി പൂർത്തി യായ 420 പോളിസി ഉടമകൾക്ക് LIC തിരുവനന്തപുരം ബ്രാഞ്ച് ഓഫീസിൽ നിന്നും പോളിസി തുക ലഭിക്കുകയുണ്ടായി.

## പ്ലെയ്സ്മെന്റ് - DDU - GKY

DDU-GKY ലെ ഇലക്ട്രീഷ്യൻ & വൈന്റിംഗ് ബാച്ചിലെ കുട്ടികളെ Lulumal site Electrical work, Sobha Limited Company എന്നിവയിൽ പങ്കെടുപ്പിക്കുകയും 9 കുട്ടികൾക്ക് സെലക്ഷൻ കിട്ടി ജോലിക്കു ചേരുകയും ചെയ്തു.

## SAFP - ഫീൽഡ് സന്ദർശനം

2020 ജനുവരി 23, 24 എന്നീ തീയതികളിൽ മേഖല സന്ദർശന ത്തിനായി SAFP എറണാകുളം ഓഫീസിൽ നിന്നും പ്രോഗ്രാം ഓഫീസർ ശ്രീ. ആൾട്ടോ ആന്റണി രണ്ടു ദിവസങ്ങളിലായി, അഞ്ചൽ മേഖലയിലെ ആനിമേറ്റർ ശ്രീ. രാജുമോന്റെ നേതൃത്വത്തിലുള്ള, 8 സെന്ററുകളിലെ 10 കുടുംബങ്ങൾ സന്ദർശി ക്കുകയും ചെയ്തു.

## ഇവാലുവേഷൻ മീറ്റിംഗ് - SAFP

2020 ജനുവരി 25-ന് മേഖലാ സന്ദർശനത്തെകുറിച്ചുള്ള വിലയിരുത്തൽ സ്രോതസ്സിൽ റവ. ഫാ. തോമസ് മുകളുംപുറത്തിന്റെ അധ്യക്ഷതയിൽ SAFP പ്രോഗ്രാം ഓഫീസർ ശ്രീ. ആൾട്ടോ ആന്റണി, കോർഡിനേറ്റർ കുമാരി സൗപർണിക, ആനിമേറ്റർ ശ്രീ. രാജുമോൻ, ശ്രീമതി ജെസ്സി രാജൻ, ശ്രീമതി പുഷ്പം ജോസ്, ശ്രീമതി സിമി എസ്. എന്നിവരോട് പ്രവർത്തന മികവിനെക്കുറിച്ച് ചർച്ച ചെയ്യുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## മോണിറ്ററിംഗ് ആന്റ് ഇവാലുവേഷൻ മീറ്റിംഗ് - സെൻസ് ഇന്റർനാഷണൽ ഇന്ത്യ പദ്ധതി

2020 ജനുവരി 27 മുതൽ 31 വരെ സെൻസ് ഇന്റർനാഷണൽ ഇന്ത്യ പദ്ധതിയുടെ മോണിറ്ററിംഗ് ആന്റ് ഇവാലുവേഷൻ മീറ്റിംഗ് സെൻസ് ഇന്റർ നാഷണൽ ഇന്ത്യ പദ്ധതിയുടെ മെന്റർ അഹമ്മദാബാദിൽ നിന്നും പ്രബദ കുമാരി തിരുവനന്തപുരം, കന്യാകുമാരി എന്നീ മേഖലകളിലെ എല്ലാ കുടുംബങ്ങളും സന്ദർശിക്കുകയും ഈ പദ്ധതിയിലെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർന്ന് വേണ്ട പ്രവർത്തനങ്ങളുടെ മാറ്റങ്ങളെപ്പറ്റി വിശദീകരിക്കുകയും സ്റ്റാഫ് അംഗങ്ങൾക്ക് ശ്രോതസ്സിൽ വച്ചു പരിശീലനം നൽകുകയും ചെയ്തു.

## ട്രെയിനിംഗ് പ്രോഗ്രാം

2020 ജനുവരി 28 മുതൽ 30 വരെ എറണാകുളം SAFP ഐശ്വര്യ ഗ്രാമിൽ വച്ച് നടത്തപ്പെട്ട ആനിമേറ്റേഴ്സിനു വേണ്ടിയുള്ള വാർഷിക ട്രെയിനിംഗ് പ്രോഗ്രാമിൽ എം.എസ്സ്.എസ്സ്.എസ്സ്.- ൽ നിന്നും ശ്രീമതി ജെസ്സി രാജൻ, ശ്രീമതി പുഷ്പം ജോസ് എന്നിവർ പങ്കെടുത്തു.

## Industrial Visit - DDU - GKY

2020 ജനുവരി 29-ന് കൊച്ചുവേളി Travancore Titanium Products Ltd Company-ൽ DDU - GKY Electrical 5th batch-ലെ കുട്ടികൾക്ക് Industrial Visit നടത്തുകയുണ്ടായി. ശ്രീമതി സിനു, ശ്രീ. അജിൻ ജോൺ എന്നിവർ നേതൃത്വം നൽകി.

## മൊബിലൈസേഷൻ - DDU - GKY

DDU - GKY പ്രോജക്ടിന്റെ മൊബിലൈസേഷൻ 2020 ജനുവരി 30, 31 എന്നീ തീയതികളിൽ പാറശ്ശാല, പോത്തൻകോട്, ആര്യനാട് എന്നീ പഞ്ചായത്തുകളിൽ വച്ച് നടത്തപ്പെട്ട മൊബിലൈസേഷനിൽ എം.എസ്സ്.എസ്സ്.എസ്സ്.-ൽ നിന്നും ശ്രീ. അജിൻ ജോൺ, ശ്രീ. ജെസ്റ്റിൻ റ്റി. എ, ശ്രീ. ജിജേഷ്മോൻ എന്നിവർ പങ്കെടുത്തു.

## ലിലിയേൺ ഫോണ്ട്സ്

ലിലിയേൻ ഫോണ്ട്സ് പദ്ധതിയിലെ കുട്ടികൾക്കും മാതാപിതാക്കൾക്കും വേണ്ടി ആരോഗ്യത്തെ സംബന്ധിച്ച് ഒരു ബോധവൽക്കരണ ക്ലാസ് 2020 ജനുവരി 31-ന് സ്രോതസ്സിൽ വച്ചു സംഘടിപ്പിക്കുകയുണ്ടായി. റവ. ഡോ. സുധീപ ക്ലാസ് SIC നയിച്ചു. 40 പേർ പങ്കെടുത്തു. പരിപാടിയ്ക്ക് കോർഡിനേറ്റർ കുമാരി മീര നായർ നേതൃത്വം നൽകി.

## വിവിധ ധന സഹായങ്ങൾ

കുടുംബ സഹായ പദ്ധതിയിൽ 19 കുടുംബങ്ങൾക്ക് 2,37,000 രൂപയും

വൈദ്യ സഹായങ്ങളും, മറ്റു സഹായവുമായി 11,000 രൂപയും നൽകി.

# മലങ്കര കാത്തലിക് അസോസിയേഷൻ

## എം.സി.എ. സംഗമം

മേജർ അതിഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ 2020 ഫെബ്രുവരി 1-ന് അത്മായ മഹാസംഗമം അഞ്ചൽ സെന്റ് ജോൺസ് കോളേജ് ആഡിറ്റോറിയത്തിൽ വച്ച് നടക്കും. ഈ സമ്മേളനത്തിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി മുഖ്യാതിഥി ആയിരിക്കും. രാവിലെ 9.00 മുതൽ വൈകുന്നേരം 4.00 വരെയുള്ള ഈ സമ്മേളനത്തിൽ മേജർ അതിഭദ്രാസന ത്തിലെ വിവിധ വൈദികജില്ലകളിൽ നിന്നുള്ള 3000 പ്രതിനിധികൾ സംബന്ധിക്കും. രാവിലെ 9.00-ന് നടക്കുന്ന പ്രവർത്തക സമ്മേളനം പത്തനംതിട്ട ഭദ്രാസനത്തിന്റെ മുൻ അദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി ഉദ്ഘാടനം ചെയ്യും. എം.സി.എ. മേജർ അതിഭദ്രാസന പ്രസിഡന്റ് ശ്രീ. മോനി ഏഴംകുളം അദ്ധ്യക്ഷത വഹിക്കും. ഉച്ചകഴിഞ്ഞ് 2.00-ന് നടക്കുന്ന അത്മായ മഹാസംഗമം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകും.

# കുടുംബ പ്രേഷിത കാര്യാലയം

## വിവാഹ ഒരുക്ക സെമിനാർ

2020 ജനുവരി 11, 11, 12 - മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ

2020 ഫെബ്രുവരി 7, 8, 9 - മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ

## ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ്

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ഫാമിലി കൗൺസിൽ ബധിരരും മൂകരും ആയിട്ടുള്ള യുവതീയുവാക്കൾക്കായി വിവാഹ ഒരുക്ക സെമിനാർ സംഘടിപ്പിച്ചിരിക്കുന്നു. കെ.സി.ബി.സി. യുടെ ഔദ്യോഗിക ആസ്ഥാനമായ പാലാരിവട്ടം പി.ഒ.സി. യിൽ വച്ച് 2020 ഏപ്രിൽ 11, 12 തീയതികളിലും 2020 ഒക്ടോബർ 24, 25 എന്നീ തീയതികളിലും മലബാർ മേഖലയിലുള്ളവർക്കായി 2020 ഫെബ്രുവരി 15, 16 തീയതികളിൽ കോഴിക്കോട് നവജ്യോതിസ് പാസ്റ്ററൽ സെന്ററിൽ വച്ചും **കൊല്ലം-തിരുവനന്തപുരം മേഖലയിലുള്ളവർക്കായി** 2020 **ജൂലൈ 25, 26** തീയതികളിൽ കൊട്ടിയം ക്രിസ്തു ജ്യോതിസ് ആനിമേഷൻ സെന്ററിൽ വച്ചും സെമിനാർ സംഘടിപ്പിച്ചിരിക്കുന്നു. രജിസ്ട്രേഷനായി താഴെപ്പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഫോൺ: 9995028229, 9495812190

ബധിരരും മൂകരുമായ യുവതീ-യുവാക്കൾക്കായുള്ള മാട്രിമോണിയൽ സർവ്വീസ് (KCBC Matrimony for the Deaf) കെ.സി.ബി.സി. ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.

Email: kcbcfamilycommission@gmail.com
Website: www.kcbcfamilycommission.org

# ഇടയനാളാഗമം

## ജനുവരി 2020

## (പ്രധാന പരിപാടികൾ)

**ജനുവരി 1**

വൈകുന്നേരം 7.30–ന് കേരള ഗവർണർ ബഹു. ആരിഫ് മുഹമ്മദ്ഖാനേയും കുടുംബാംഗങ്ങളേയും തിരുസന്നിധിയിൽ സ്വീകരിച്ച് അത്താഴവിരുന്ന് നൽകി.

**ജനുവരി 2**

രാവിലെ 8.00–ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നാമഹേതുക തിരുന്നാളിനോടനുബന്ധിച്ച് അർപ്പിക്കപ്പെട്ട വി. കുർബാനയിൽ മുഖ്യകാർമികത്വം വഹിച്ചു.

രാവിലെ 8.00–ന് മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി യുടെ 'കർമ്മോത്സവം' ഉദ്ഘാടന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

ഉച്ചയ്ക്ക് 12.30–ന് പട്ടം തിരുസന്നിധിയിൽ വച്ച്, അഭിവന്ദ്യ പിതാക്കന്മാരോടും വൈദികരോടും മദർ സുപ്പീരിയേഴ്സിനോടും ഇടവക പ്രതിനിധികളോടും മറ്റ് വിശിഷ്ടാതിഥികളോടുമൊപ്പം നാമഹേതുക തിരുനാൾ ആഘോഷിച്ചു.

വൈകുന്നേരം 4.00–ന് ചാലക്കുഴി റോഡിന്, തിരുവനന്തപുരം നഗരസഭ, 'ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസ് റോഡ്' എന്ന് നാമകരണം നല്കിയ ചടങ്ങിൽ സംബന്ധിച്ചു.

വൈകുന്നേരം 7.00–ന് നാമഹേതുക തിരുന്നാളിനോടനു ബന്ധിച്ച് എത്തിച്ചേർന്ന വിശിഷ്ടാതിഥികളെ പട്ടം തിരുസന്നിധി യിൽ സ്വീകരിക്കുകയും അത്താഴവിരുന്നിൽ പങ്കെടുക്കുകയും ചെയ്തു.

**ജനുവരി 3**

മേജർ അതിഭദ്രാസനത്തിലെ വിവിധ അപ്പസ്തോലേറ്റ് അംഗങ്ങൾ നാമഹേതുക തിരുന്നാളിന്റെ മംഗളങ്ങൾ നേർന്നു.

**ജനുവരി 4**

രാവിലെ 10.00-ന് നാലാഞ്ചിറ മാർ ബസേലിയോസ് എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടന്ന എം.സി.വൈ.എം.-ന്റെ MYC-ൽ സംബന്ധിച്ച് അനുഗ്രഹപ്രഭാഷണം നൽകി.

രാവിലെ 11.00-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ ജോബിൻ-ന്റെയും ശിൽപയുടെയും വിവാഹം ആശീർവദിച്ചു.

ഉച്ചയ്ക്ക് 1.30-ന് പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ വച്ച് ദളിത് സ്കോളർഷിപ്പുകൾ വിതരണം ചെയ്തു.

ഉച്ചയ്ക്ക് 3.30-ന് ശ്രീ. ബാബു വട്ടപ്പാറയുടെ റിലീജിയസ് ആർട്ടിക്കിൾസ് ഷോപ്പിന്റെ ആശീർവാദകർമ്മം നിർവഹിച്ചു.

**ജനുവരി 10**

രാവിലെ 11.00-ന് അഞ്ചൽ സെന്റ് ജോൺസ് സ്കൂളിൽ നടന്ന കാലാവസ്ഥ നീതിക്കുവേണ്ടിയുള്ള സെമിനാർ ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം 7.00-ന് അനന്തപുരി കൺവെൻഷനിൽ സംബന്ധിച്ചു.

**ജനുവരി 11**

രാവിലെ 9.00-ന് ചെറിയനാട് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ പെരുന്നാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

ഉച്ചയ്ക്ക് 2.00-ന് നാലാഞ്ചിറ സർവോദയ സെൻട്രൽ സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

ഉച്ചയ്ക്ക് 3.30-ന് വാഹനാപകടത്തിൽ മരണമടഞ്ഞ പാളയം സമാധാനരാജ്ഞി ബസിലിക്ക എം.സി.വൈ.എം. യൂണിറ്റ് പ്രസിഡന്റ് ആദിത്യന്റെ ശവസംസ്കാര ശുശ്രൂഷയിൽ നാലാഞ്ചിറ സെമിത്തേരിയിലെ ശുശ്രൂഷകളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**ജനുവരി 12**

രാവിലെ 9.00-ന് അമേരിക്ക-കാനഡ ഭദ്രാസനാധിപൻ അഭിവന്ദ്യ പീലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലീത്താ യുടെ വത്സലപിതാവിന്റെ ശവസംസ്കാര ശുശ്രൂഷയിൽ ഭവന ത്തിലെ പ്രാർത്ഥനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**ജനുവരി 14**

രാവിലെ 7.30-ന് സെന്റ് എഫ്രേം പൂനെ-കട്കി ഭദ്രാസന ത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായി നിയമിതനായ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണ ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**ജനുവരി 15**

രാവിലെ 10.30-ന് ബഹു. എൻ. കെ. പ്രേമചന്ദ്രൻ എം.പി. യുടെ മകൻ കാർത്തിക്കിന്റെയും കാവ്യയുടെയും വിവാഹത്തിൽ സംബന്ധിച്ചു.

ഉച്ചയ്ക്ക് 3.00-ന് തിങ്കൾകരിക്കം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ, റവ. ഫാ. മാത്യു മുണ്ടപ്ലാക്കലിന്റെ വത്സലപിതാവിന്റെ ശവസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**ജനുവരി 16**

രാവിലെ 11.00-ന് പുനലൂർ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ ഷെറിൽ ഷാന്റെ യുടെയും മെർലിനയുടെയും വിവാഹം ആശീർവദിച്ചു.

വൈകുന്നേരം 4.00-ന് വെങ്ങാനൂർ വി.പി.എച്ച്.എസ്സ്. സ്കൂളിന്റെ സെന്റിനറി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

**ജനുവരി 17**

തിരുസന്നിധിയിൽ വച്ച് നടന്ന ഇന്റർ ചർച്ച് കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ച് സന്ദേശം നൽകി.

വൈകിട്ട് 6.00-ന് പുണ്യശ്ലോകനായ സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവാ തിരുമേനിയുടെ ഓർമ്മ ത്തിരുന്നാളിന്റെ തലേദിവസം കത്തീഡ്രലിൽ സന്ധ്യാപ്രാർത്ഥന യ്ക്കും ധൂപപ്രാർത്ഥനയ്ക്കും കാർമ്മികത്വം വഹിച്ചു.

**ജനുവരി 18**

രാവിലെ 6.30-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ പുണ്യശ്ലോകനായ സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവാ തിരുമേനിയുടെ 13-ാം ഓർമ്മത്തിരുന്നാളിനോടനു ബന്ധിച്ച് വി. കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

വൈകുന്നേരം 7.30-ന് മൈനർ സെമിനാരിയിൽ നിന്ന് വൈദികവിദ്യാർത്ഥികൾ അഭിവന്ദ്യ പിതാവിനെ സന്ദർശിച്ച് നാമഹേതുക തിരുന്നാളിന്റെ ആശംസകൾ നേർന്നു.

**ജനുവരി 19**

രാവിലെ 8.00-ന് തിരുമൂലപുരം സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ നവതി ആഘോഷ ങ്ങളുടെ ഭാഗമായി വി. കുർബാന അർപ്പിച്ചു.

രാവിലെ 11.00-ന് ചാത്തങ്കേരിയിൽ നടന്ന മാർത്തോമ്മാ സഭയിലെ നിരണം-മാരാമൺ ഭദ്രാസനത്തിന്റെ കൺവെൻഷനിൽ സംബന്ധിച്ച് വചനസന്ദേശം നൽകി.

ഉച്ചയ്ക്ക് 3.00-ന് മല്ലപ്പള്ളിയിൽ വന്ദ്യ രാമനാലിൽ കോറെപ്പിസ് കോപ്പായുടെ 80-ാം ജന്മദിനാഘോഷത്തിൽ സംബന്ധിക്കുകയും അഗതികൾക്കും അശരണർക്കും വേണ്ടി നിർമ്മിച്ച ജീവാരാമിന്റെ ആശീർവാദകർമ്മം നിർവഹിക്കുകയും ചെയ്തു.

**ജനുവരി 20**

രാവിലെ 11.00-ന് മംഗലാപുരം മിലാഗ്രസ് പള്ളിയിൽ വച്ച് സോനുവിന്റെയും ലിന്റയുടെയും വിവാഹം ആശീർവദിച്ചു.

വൈകുന്നേരം 6.00-ന് പുത്തൂർ ഭദ്രാസന അരമനയിൽ വി. കുർബാന അർപ്പിച്ചു.

**ജനുവരി 21**

വൈകുന്നേരം 5.00-ന് ആലക്കോട് സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

**ജനുവരി 23**

വൈകുന്നേരം 4.00-ന് ദോഹ (ഖത്തർ) ഇടവകയിൽ വച്ച് ജീസസ് യൂത്ത് മീറ്റിംഗിൽ സംബന്ധിച്ചു.

വൈകുന്നേരം 6.30-ന് ദോഹ ദൈവാലയത്തിൽ സന്ധ്യാ നമസ്കാരം നടത്തുകയും ഇടവകദിനാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

**ജനുവരി 24**

രാവിലെ 8.15-ന് ദോഹ ദൈവാലയത്തിൽ, ഇടവക ദിനത്തിന്റെ ഭാഗമായി വി. കുർബാന അർപ്പിച്ചു. തുടർന്ന് കൊയ് നോണിയ സംഗമം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം 6.30-ന് ഇടവക ആതിഥ്യം വഹിച്ച Seraphic Hall-ൽ വച്ച് നടന്ന പബ്ലിക് മീറ്റിംഗിൽ സംബന്ധിച്ചു.

**ജനുവരി 26**

രാവിലെ 9.00-ന് മുഖത്തല സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

വൈകുന്നേരം 6.30-ന് തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ സെമിനാരി ഡേയുടെ ഭാഗമായുള്ള കലാസന്ധ്യയിൽ സംബന്ധിച്ചു.

**ജനുവരി 27**

രാവിലെ 8.30-ന് സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ സെമിനാരി പേരന്റ്സ് ഡേയിൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് മൈനർ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികളുടെ മാതാപിതാക്കളുമായി കൂടിക്കാഴ്ച നടത്തി.

ഉച്ചയ്ക്ക് 12.30-ന് ബഹു. വൈദികരോടും Benefactors-നോടും മൈനർ സെമിനാരി വൈദികവിദ്യാർത്ഥികളോടൊപ്പം ഉച്ചഭക്ഷണത്തിൽ സംബന്ധിച്ചു.

**ജനുവരി 28**

രാവിലെ 9.00 മുതൽ വിവിധ സ്ഥാപനങ്ങളുടെ പ്രതിനിധികൾ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയെ സന്ദർശിച്ച് നാമഹേതുക തിരുനാൾ മംഗളങ്ങൾ നേർന്നു.

ഉച്ചയ്ക്ക് 2.00-ന് നാലാഞ്ചിറ മാർ ഈവാനിയോസ് കോളേജിൽ സ്വസ്തി ഫൗണ്ടേഷന്റെ യുവജന സംഘടനയായ സ്വസ്തി യൂത്തിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു.

**ജനുവരി 29**

രാവിലെ 9.30-ന് മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായുടെ

നാമഹേതുക തിരുനാളിനോടനുബന്ധിച്ച് അമലഗിരി ബിഷപ്സ് ഹൗസിൽ എത്തി പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

ഉച്ചയ്ക്ക് 3.00-ന് ചീക്കനാൽ സെന്റ് പീറ്റേഴ്സ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ തിരുവനന്തപുരം മേജർ അതിഭദ്രാസന ജുഡീഷ്യൽ വികാരി വെരി റവ. ഡോ. തോമസ് കുഴിനാപ്പുറത്തിന്റെ ജൂബിലി ആഘോഷത്തിൽ സംബന്ധിച്ച് പ്രാരംഭ സന്ദേശം നൽകി. ജൂബിലി സ്മാരക ഗ്രോട്ടോ കൂദാശ ചെയ്തു.

**ജനുവരി 30**

രാവിലെ 10.00 മണിക്ക് മാർ ഈവാനിയോസ് ഓട്ടോണമസ് കോളേജിന്റെ ഗവേണിംഗ് കൗൺസിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

12.00 മണിക്ക് മാർ ബസേലിയോസ് എഞ്ചിനീയറിംഗ് കോളേജിൽ, ഓട്ടോണമസ് പദവിക്ക് പ്രാരംഭമായുള്ള UGC Experts Team-ന്റെ സന്ദർശനത്തിൽ സംബന്ധിച്ചു. അംഗങ്ങളുമായി ചർച്ച നടത്തി, സ്നേഹവിരുന്നിൽ സംബന്ധിച്ചു.

**ജനുവരി 31**

രാവിലെ 11 മണിക്ക് പട്ടം സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിന്റെ 80-ാം വാർഷികത്തിന്റെ (അശീതി) സമാപന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. കേരള ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ സമ്മേളനം ഉദ്ഘാടനം ചെയ്തു.

12.30-ന് മേജർ അതിഭദ്രാസനത്തിലെ നവവൈദികരെ തിരുസന്നിധിയിൽ സ്വീകരിച്ച് അവർക്ക് നിയമനം നൽകി. അവരുടെ മാതാപിതാക്കളോടൊത്ത് സ്നേഹവിരുന്നിൽ സംബന്ധിച്ചു.

## ജന്മദിനാശംസകൾ

### ഫെബ്രുവരി 2020

05 - റവ. ഫാ. തോമസ് കോയിപ്പുറത്ത്
08 - റവ. ഫാ. കുര്യൻ വാലുപറമ്പിൽ
12 - റവ. ഫാ. ഫിലിപ്പ് ദയാനന്ദ്
13 - റവ. ഫാ. ബിറ്റി മാത്യു ചാത്തോത്ത്
14 - റവ. ഫാ. വർഗ്ഗീസ് കിഴക്കേക്കര
15 - റവ. ഫാ. സാമുവേൽ കുന്നുംപുറത്ത്
16 - റവ. ഫാ. ജോസഫ് വെൺമാനത്ത്
18 - റവ. ഫാ. ആൽബർട്ട് വടക്കേമുറിയിൽ
18 - റവ. ഫാ. സെബാസ്റ്റ്യൻ കണ്ണന്താനം
22 - റവ. ഫാ. തോമസ് കൊച്ചുകരിക്കത്തിൽ
26 - റവ. ഫാ. ജോസഫ് കൈപ്പള്ളിൽ

## പ്രാർത്ഥനയിൽ ഓർക്കാം

### ഫെബ്രുവരി 2020

07 - റവ. ഫാ. കോശി ആറ്റുവാരത്ത്
10 - റവ. ഫാ. തോമസ് ആമ്പശ്ശേരിൽ
16 - റവ. ഫാ. തോമസ് മുതലാളി
18 - റവ. ഫാ. ഗീവർഗ്ഗീസ് ചുട്ടിവട്ടം
25 - റവ. ഫാ. മാത്യു ഏഴാനിക്കാട്ടിൽ
25 - റവ. ഫാ. മാത്യു കൊമ്പനാൽ
27 - റവ. ഫാ. ഗീവർഗ്ഗീസ് ചെങ്കിലേത്ത്

# സ്മരണീയ ദിനങ്ങൾ

## 2020 ഫെബ്രുവരി

| | | |
|---|---|---|
| 2 | **ഞായർ** | **ദനഹായ്ക്കുശേഷം നാലാം ഞായർ, മായൽതൊ** |
| | | (നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനം) |
| | | **കാതോലിക്കാ ദിനം** |
| 3 | തിങ്കൾ | **മൂന്നു നോമ്പാരംഭം** |
| | | മാർ ശെമഓനും മർത്താ ഹന്നായും |
| 4 | ചൊവ്വ | വി. ജോൺ ബ്രിട്ടോ |
| 6 | വ്യാഴം | **മൂന്നു നോമ്പുവീടൽ** |
| 9 | **ഞായർ** | **കൊഹനെ ഞായർ** (പരേതരായ വൈദികർ) |
| | | **അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനിയുടെ മെത്രാഭിഷേക വാർഷികം (2008)** |
| | | **മലങ്കര സുറിയാനി കത്തോലിക്കാ ബാലസഖ്യദിനം** |
| 10 | തിങ്കൾ | **മലങ്കര കത്തോലിക്കാ മേജർ ആർക്കി എപ്പിസ്കോപ്പൽ സിംഹാസന സ്ഥാപനദിനം (2005)** |
| 11 | ചൊവ്വ | ലൂർദ് മാതാവ് |
| 13 | വ്യാഴം | ഹഗ്ഗായി നിബിയ |
| 14 | വെള്ളി | മാർ ക്സുസ്തോസ് |
| 16 | **ഞായർ** | **ആനീദെ ഞായർ** (പരേതരായ വിശ്വാസികൾ) |
| 19 | ബുധൻ | മാർ ഇസഹാക്ക് |
| | | **അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനിയുടെ മെത്രാഭിഷേക വാർഷികം (2005)** |
| 22 | ശനി | **തോമസ് മാർ ദിയസ്കോറോസ് തിരുമേനിയുടെ ഓർമ്മ (1943)** |
| | | മാർ പത്രോസ് ശ്ലീഹായുടെ അന്ത്യോക്യ സിംഹാസന സ്ഥാപനം. |
| | | **തിരുവനന്തപുരം സെന്റ് മേരീസ് കത്തീഡ്രലിന്റെ പ്രതിഷ്ഠാ വാർഷികം. (1965)** |
| 23 | **ഞായർ** | **കൊത്തിനെ ഞായർ** |
| | | (കാനായിൽ വെള്ളം വീഞ്ഞാക്കിയത്) |
| | | വലിയ നോമ്പിലെ ഒന്നാം ഞായർ |
| | | സ്മിർണായിലെ മാർ പോളിക്കാർപ്പസ് |
| 24 | തിങ്കൾ | ശുബുക്കോനൊ |
| | | യോഹന്നാൻ മാംദാനയുടെ ശിരസു കണ്ടെത്തൽ |
| 28 | വെള്ളി | ഒബാദിയ നിബിയ |
| 29 | ശനി | മാർ അപ്രേമിന്റെയും മാർ തിയഡോറിന്റെയും ഓർമ്മ |

# ആദരാഞ്ജലികൾ

## റവ. ഫാ. ഗീവർഗ്ഗീസ് ചീനിവിളയിൽ



പത്തനംതിട്ട ഭദ്രാസനത്തിലെ റവ. ഫാ. ഗീവർഗ്ഗീസ് ചീനിവിളയിൽ 2020 ജനുവരി 6-ന് നിര്യാതനായി. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട ബഹു. അച്ചൻ ദീർഘകാലം തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗമായിരുന്നു. കബറടക്ക ശുശ്രൂഷകൾ 2020 ജനുവരി 7-ന് കോന്നി താഴം സെന്റ് ബനഡിക്ട് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ അഭിവന്ദ്യരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, തോമസ് മാർ യൗസേബിയോസ്, സാമുവൽ മാർ ഐറേനിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം എന്നീ തിരുമേനിയുടെ കാർമ്മികത്വത്തിൽ നടന്നു.

## റവ. ഫാ. സക്കറിയാസ് നെടിയകാലായിൽ



പത്തനംതിട്ട ഭദ്രാസനത്തിലെ റവ. ഫാ. സക്കറിയാസ് നെടിയകാലായിൽ (68) 2020 ജനുവരി 22-ന് നിര്യാതനായി. ദീർഘ കാലം തിരുവനന്തപുരം മേജർ അതിഭദ്രാസ നാംഗമായിരുന്ന ബഹു. അച്ചൻ ദൈവജന ശുശ്രൂഷയും അധ്യാപകനായി നൽകിയ നേതൃത്വവും എക്കാലവും സ്മരിക്കപ്പെടും. കബറടക്ക ശുശ്രൂഷകൾ 2020 ജനുവരി 25-ന് മെഴുവേലി സെന്റ് തെരേസാസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ അഭിവന്ദ്യരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, തോമസ് മാർ യൗസേബിയോസ്, സാമുവൽ മാർ ഐറേനിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം എന്നീ തിരുമേനിയുടെ കാർമ്മികത്വത്തിൽ നടന്നു.

## ജോസ് മാത്യു മുണ്ടപ്ലാക്കൽ (55)

മേജർ അതിഭദ്രാസനാംഗം റവ. ഫാ. മത്തായി മുണ്ടപ്ലാക്കലിന്റെ വത്സലപിതാവ് ശ്രീ. ജോസ് മാത്യു മുണ്ടപ്ലാക്കൽ (55) 2020 ജനുവരി 13-ന് നിര്യാതനായി. കബറടക്ക ശുശ്രൂഷകൾ ജനുവരി 15-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ തിങ്കൾകരിക്കം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നടന്നു.

**മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!**

# അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ പ്രോഗ്രാം

## ഫെബ്രുവരി 2020

| | | | |
|---|---|---|---|
| 1 | 6.30 am | - | ഡി.എം. ജനറലേറ്റ്, കുടപ്പനക്കുന്ന് |
| | 11.00 am | - | ദളിത് സ്കോളർഷിപ്പ് മീറ്റിംഗ്, തിരുസന്നിധി |
| | 2.30 pm | - | എം.സി.എ. മീറ്റിംഗ്, അഞ്ചൽ |
| | 6.00 pm | - | കരവാളൂർ |
| 2 | 11.30 am | - | തിരുഹൃദയ പള്ളി, പൊൻകുന്നം |
| | 4.30 pm | - | ഇടമുളയ്ക്കൽ |
| 3 | 09.00 am | - | അഞ്ചൽ |
| | 2.00 pm | - | കാഞ്ഞിരപ്പള്ളി |
| 5 | | - | കാതോലിക്കേറ്റ് സെന്റർ |
| 6 | 10.30 am | - | കോഴിയോട് |
| | 4.00 pm | - | നാലാഞ്ചിറ |
| 7 | 9.30 am | - | മാർ ഈവാനിയോസ് കോളേജ് |
| | 3.00 pm | - | ചങ്ങനാശ്ശേരി കത്തീഡ്രൽ |
| 8 | 10.00 am | - | രാമക്കൽമേട് |
| 9 | 6.30 am | - | സാം നഗർ |
| | 3.00 pm | - | ചോഴിയക്കോട് |
| | 5.00 pm | - | പാലോട് |
| | 8.00 pm | - | ജയമാതാ, നാലാഞ്ചിറ |
| 10 | 6.30 am | - | വാഴമുട്ടം |
| | 11.00 am | - | കുമ്പഴ |
| 11 | | - | നാഗ്പൂർ |
| 12–19 | | - | സി.ബി.സി.ഐ. മീറ്റിംഗ്, ബാംഗ്ലൂർ |
| 21 | 9.30 am | - | ആയൂർ |
| | 11.00 am | - | കരിക്കം (ടീച്ചേഴ്സ് ഗിൽഡ്) |
| 22 | 9.00 am | - | പറന്തൽ |
| 23 | | - | ഹൈദ്രാബാദ് |
| 25 | 4.00 pm | - | കത്തീഡ്രൽ, കൊല്ലം |
| 26 | 4.30 pm | - | പുനലൂർ |
| 27 | 7.00 am | - | തിരുവല്ല |
| 28– മാർച്ച് 2 | | - | അഭിവന്ദ്യ തിരുമേനിമാരുടെ ധ്യാനം |
| മാർച്ച് 2–6 | | - | പരി. എപ്പിസ്കോപ്പൽ സുന്നഹദോസ്, കാതോലിക്കേറ്റ് സെന്റർ |

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

# MCCL ദിനം 2020
# (മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ്)

## വിശ്വാസപരിശീലനത്തിന് വേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

അഭിവന്ദ്യ പിതാക്കന്മാരെ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരെ, റമ്പാന്മാരെ, ബഹു. വൈദികരെ, ശെമ്മാശന്മാരെ, സന്ന്യസ്തരെ, യേശുവിൽ പ്രിയ കുഞ്ഞുങ്ങളേ,

2020 ഫെബ്രുവരി 9 ഞായറാഴ്ച മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ കുട്ടികളുടെ സംഘടനയായ മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ് (MCCL) ദിനമായി ആചരിക്കുകയാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ 2010 സെപ്റ്റംബർ 20-ന് സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ കല്പനപ്രകാരം ഔദ്യോഗികമായി രൂപം കൊണ്ടതാണ് കുട്ടികളുടെ MCCL സംഘടന.

"കർത്താവിനോടുള്ള ഭക്തി ജ്ഞാനവും പ്രബോധനവുമാകുന്നു'' (പ്രഭാ : 1:27) എന്ന തിരുവചനം ആധാരമാക്കി മലങ്കര സുറിയാനി കത്തോലിക്കാസഭ, വിശ്വാസപരിശീലനത്തെ സഭയുടെ അടിസ്ഥാന ശുശ്രൂഷയായി പരിഗണിക്കുന്നു. കുഞ്ഞുങ്ങളെ വേദോപദേശം പഠിപ്പിക്കുകയും ഭക്തിമാർഗത്തിൽ പരിശീലിപ്പിക്കുകയും ചെയ്യണമെന്നുള്ളത് തിരുസഭയ്ക്ക് നമ്മുടെ കർത്താവ് ഭരമേല്പ്പിച്ചിട്ടുള്ള അതിപ്രധാനമായ കടമയാകുന്നു എന്ന് ദൈവ

ദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത നമ്മെ ഓർമ്മപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ കുട്ടികൾ നാളെ സഭയേയും സമൂഹത്തേയും വിശ്വാസത്തിലും പാരമ്പര്യത്തിലും നയിക്കേണ്ടവരാണ്. ശൈശവത്തിൽ തന്നെ ദൈവത്തെ അറിഞ്ഞ്, സഭയെയും സമൂഹത്തെയും മനസ്സിലാക്കി, സ്നേഹിച്ച് പ്രവർത്തിക്കുവാനും വളരുവാനും കുഞ്ഞുങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യമാണ് MCCL സംഘടനയ്ക്ക് ഉള്ളത്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എല്ലാ കുട്ടികളുടെയും സംഘടനയാണ് MCCL. ഒന്ന് മുതൽ പന്ത്രണ്ട് വരെ മതബോധനം പഠിക്കുന്ന എല്ലാ കുട്ടികളും ഈ സംഘടനയിൽ അംഗങ്ങളാണ്. മതബോധനം വഴിയായി വിശ്വാസപരിശീലനത്തിന്റെ ബൗദ്ധികമായ അറിവ് പങ്കുവയ്ക്കുമ്പോൾ MCCL വഴി വിശ്വാസത്തിന്റെ പ്രായോഗിക പരിശീലനവേദി ആവിഷ്ക്കരിക്കപ്പെടുന്നു. ചെറുപ്പകാലം മുതലേ കുട്ടികളെ സംഘടനാപരമായി പ്രവർത്തിക്കാൻ MCCL എന്ന സംഘടന സഹായിക്കുന്നു. അതിനാൽ കുട്ടികളുടെ സഭാത്മകവും പ്രായോഗികവുമായ വിശ്വാസ പരിശീലനത്തിന് MCCL ഊന്നൽ നൽകുന്നു. മതബോധന പാഠ്യ വിഷയങ്ങളോടൊപ്പം വിശുദ്ധ ബൈബിളിലെ വ്യക്തികളെക്കുറിച്ചുള്ള പഠനം, കുട്ടികളുടെ സമഗ്രവ്യക്തിത്വ വളർച്ചയ്ക്കും നന്മയ്ക്കും ഉതകുന്ന പരിശീലനങ്ങൾ, കുട്ടികളുടെ ധാർമ്മികവും ആന്തരികവുമായ രൂപികരണത്തെ സഹായിക്കുന്ന കാര്യപരിപാടികൾ, സുവിശേഷാധിഷ്ഠിതവും, സഭാത്മകവുമായ ക്രൈസ്തവ ജീവിത പരിശീലനം, കുട്ടികളിൽ അന്തർലീനമായ കലാ സാംസ്കാരിക തലങ്ങളുടെ പരിപോഷണം ഇവയെല്ലാം MCCLപ്രസ്ഥാനത്തിന്റെ വിവിധ കർമ്മ വേദികളാണ്.


സൺഡേസ്കൂൾ പാഠ്യപദ്ധതിയും MCCL പ്രവർത്തനങ്ങളും പരസ്പരപൂരകങ്ങളായി പ്രവർത്തിക്കുന്ന കാരണത്താൽ MCCL എന്ന സംഘടന സഭാതലത്തിലും ഭദ്രാസനതലത്തിലും വിശ്വാസപരിശീലന കമ്മീഷന്റെ കീഴിലാണ് കാര്യനിർവ്വഹണം നടത്തുന്നത്. 2020 ഫെബ്രുവരി 9 MCCL ദിനമായി ആചരിക്കുമ്പോൾ, MCCL യൂണിറ്റ് ഇതുവരെയും രൂപീകരിക്കാത്ത എല്ലാ ഇടവകകളിലും, മിഷൻ കേന്ദ്രങ്ങളിലും അത് രൂപീകരിക്കുകയും സജീവ

മാക്കുകയും ചെയ്യുക. സൺഡേസ്കൂൾ ഭദ്രാസന ഡയറക്ടർ അച്ചൻമാരുടെയും, ഇടവക വികാരിമാരുടെയും താല്പര്യം ഇതിന് ഉണ്ടാകണമെന്ന് ഓർമ്മപ്പെടുത്തട്ടെ.

സൺഡേസ്കൂൾ പ്രധാന അദ്ധ്യാപകർ, അദ്ധ്യാപകർ, മാതാപിതാക്കൾ എന്നിവരുടെ കൂട്ടായ പരിശ്രമം MCCL സംഘടനയുടെ ഫലപ്രദമായ നടത്തിപ്പിന് അനിവാര്യമാണ്. 2020-2022 വർഷത്തേക്കുള്ള MCCL സംഘടനയുടെ ഭാരവാഹികളെ ഇടവക, ജില്ല, മേഖല, ഭദ്രാസന, അതിഭദ്രാസനതലത്തിലും എത്രയും വേഗം രൂപീകരിക്കണമെന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്തട്ടെ.

2020 MCCL ദിനം എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാനും ഈ പ്രസ്ഥാനത്തിന്റെ പ്രസക്തി വിശ്വാസ സമൂഹത്തെ, പ്രത്യേകിച്ച് കുട്ടികളെയും മാതാപിതാക്കളെയും ബോദ്ധ്യപ്പെടുത്തുവാനും എല്ലാവരും ശ്രദ്ധിക്കുമല്ലോ. വി. കുർബാനയിലെ സമർപ്പണം, സമ്മേളനം, പൊതുപഠനവേദികൾ, കുട്ടികളുടെ വിവിധ കലാപരിപാടികൾ തുടങ്ങിയവ അന്നേദിവസം ക്രമീകരിക്കേണ്ടതാണ്. കുട്ടികളുടെ വിശ്വാസപരിശീലനം എന്ന ശ്രേഷ്ഠമായ ദൗത്യത്തിൽ ത്യാഗപൂർവ്വം പങ്കുചേരുന്ന എല്ലാവർക്കും സഭയുടെ നാമത്തിൽ നന്ദി അറിയിക്കുന്നു. ഏവരുടെയും പ്രാർത്ഥനപൂർവ്വമായ സഹായവും സഹകരണങ്ങളും സ്നേഹപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം.




31.01.2020
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

**✠ തോമസ് മാർ യൗസേബിയോസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശ്വാസ പരിശീലന സുന്നഹദോസ് കമ്മീഷൻ ചെയർമാൻ.

---

N.B. ഈ സർക്കുലർ MCCL ദിനമായ ഫെബ്രുവരി 9-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ, നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.



എം.സി.വൈ.എം. 2020 - 2021 വർഷത്തെ ഭാരവാഹികൾ
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയോടൊപ്പം
(തിരുസന്നിധി, 09 - 01 - 2020)

# 77-ാം ഓർമ്മപ്പെരുന്നാൾ



ആബൂൻ തോമസ് മാർ ദിയോസ്കോറസ് മെത്രാപ്പോലീത്താ
(22-02-2020)



പട്ടം മേജർ ആർച്ച് ബിഷപ്സ് ഹൗസിൽ കൂടിയ
ഇന്റർ ചർച്ച് കൗൺസിൽ യോഗത്തിൽ പങ്കെടുത്ത അഭിവന്ദ്യ തിരുമേനിമാർ
അത്യഭിവന്ദ്യ കാതോലിക്കാബാവാതിരുമേനിയോടൊപ്പം
(തിരുസന്നിധി), 17 - 01 - 2020)


From
**Editor**
Major Athibhadrasana Bulletin
Major Archbishop's House
Pattom P.O., Trivandrum - 4



Printed and Published by the Chancellor, Major Archdiocese of Trivandrum

Printed at St. Mary's Press, Pattom, Trivandrum - 4
Phone : 0471 - 2446116